പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2990**

10.03.2017-ൽ മറുപടിക്ക്

## ദേശീയപാത 66 ലെ പ്രവൃത്തികളുടെ പുരോഗതി

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

(എ) ദേശീയപാത 66 ൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരിവരെയുള്ള ഭാഗത്ത് റോഡ് വീതികൂട്ടൽ, വളവ് നിവർത്തൽ, ഓവുചാൽ, ഫുട്പാത്ത്, ഡിവൈഡർ നിർമ്മാണം എന്നിവ നടത്തുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാകും; വിശദാംശം നൽകുമോ?

**ഉത്തരം**

ശ്രീ. ജി.സുധാകരൻ

(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ദേശീയപാത 66 ൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരിവരെയുള്ള ഭാഗത്ത് കി.മീ. 104/000 മുതൽ 126/000 (കാലിക്കടവ് മുതൽ പരിയാരം) വരെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് വീതികൂട്ടൽ, വളവ് നിവർത്തൽ, ഓവുചാൽ, ഫുട്പാത്ത്, ഡിവൈഡർ നിർമ്മിക്കുന്നതിനായി 668.36 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഡ്രൈനേജ് നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. വീതികൂട്ടൽ പ്രവൃത്തിയും ബി.എം പ്രവൃത്തിയും പുരോഗമിക്കുന്നു. എഗ്രിമെന്റ് പ്രകാരം 11.04.2017-ൽ ആണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. എന്നാൽ അധിക പ്രവൃത്തികൾ നടപ്പാക്കേണ്ടതിനാൽ 31.05.2017 നകം ഈ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ